# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 328 25.06.2012 ൽ മറുപടിയ്ക്ക്**

### നദീ സംയോജനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| **(എ)** നദീസംയോജനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പമ്പ- അച്ചൻകോവിൽ നദികളെ തമിഴ്നാട്ടിലെ വൈപ്പാറുമായി സംയോജിപ്പിക്കാനുള്ള നീക്കമുണ്ടോ യെന്ന് പറയുമോ; | **(എ)** നദീ സംയോജനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പമ്പ, അച്ചൻകോവിൽ നദികളെ തമിഴ്നാട്ടിലെ വൈപ്പാറുമായി സംയോജിപ്പിക്കുവാൻ ദേശീയ ജലവിഭവ മന്ത്രാലയത്തിന്റെ കീഴിൽ രൂപീകരിച്ച ദേശീയ ജല വികസന ഏജൻസി നിർദ്ദേശിച്ചിരുന്നു. |
| **(ബി)** എങ്കിൽ ഇതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക തകർച്ചയെക്കുറിച്ചും സാമൂഹ്യ സാമ്പത്തിക പ്രതിസന്ധി കളെക്കുറിച്ചും വിലയിരുത്തിയിട്ടുണ്ടോ; | **(ബി)** കേരള സർക്കാർ സ്ഥാപനമായ CWRDM 'Towards Evolving Basin Plans for the rivers draining into the Vembanad wet land system (1999)' എന്ന തലക്കെട്ടിൽ പ്രസിദ്ധീ കരിച്ച റിപ്പോർട്ടിൽ വിലയിരുത്തിയിട്ടുണ്ട്. ഇതു കൂടാതെ IIT ഡെൽഹിയിലെ പ്രൊഫ. എ.കെ. ഗൊസയിന്റെ നേതൃത്വത്തിൽ ഒരു പഠനം കൂടി നടത്തിയിരുന്നു. ഈ പഠനത്തിന്റെ കരട് റിപ്പോർട്ട് അവസാന ഘട്ടത്തിലാണ്. മുകളിൽപ്പറഞ്ഞ രണ്ട് റിപ്പോർട്ടിലും തിരിച്ച് വിടാൻ അധികജലമില്ലായെന്ന നിഗമനമാണുള്ളത്. |
| **(സി)** നദികളുടെ സ്വാഭാവിക പ്രവാ ഹത്തെ തടസ്സപ്പെടുത്തി വഴിതിരിച്ചു വിടാൻ ഇടയാക്കുന്ന പ്രസ്തുത നദീ സംയോജന പദ്ധതി പ്രാവർത്തികമാക്കു ന്നതിനെകുറിച്ചുള്ള അഭിപ്രായം വെളിപ്പെടുത്തുമോ? | **(സി)** നദീ സംയോജന പദ്ധതി പ്രാവർത്തി കമാക്കുന്നതിന് കേരള സംസ്ഥാനം പൂർണ്ണമായി വിയോജിക്കുന്നു. നദികളുടെ മേൽ ഭാഗങ്ങളിൽ നിന്ന് മറ്റു നദീതടങ്ങളി ലേയ്ക്ക് ജലം തിരിച്ചുകൊണ്ടുപോകുന്നത് പരിഹരി ക്കുവാൻ ആകാത്തവിധത്തി |

ലുള്ള പാരിസ്ഥിതിക അസംന്തുലനാവസ്ഥ, ജലദൗർലഭ്യത, കീഴ്ത്തടങ്ങളിൽ ഗുരുതരമായ കുടിവെള്ള ക്ഷാമം, ലവണജല അധിനിവേശം എന്നീ ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് കാരണമാകും. കൂടാതെ വനനാശം, മറ്റു സാമൂഹ്യ-സാമ്പത്തിക പ്രശ്നങ്ങൾ എന്നിവയ്ക്കും വഴി തെളിക്കും. നദിയെ ആശ്രയിച്ചു ചെയ്യുന്ന കൃഷികൾക്ക് നാശം സംഭവിക്കും. മേൽകാരണങ്ങളാൽ പമ്പ, അച്ചൻകോവിൽ നദികളിൽ നിന്ന് വൈപ്പാറിലേയ്ക്ക് വെള്ളം തിരിച്ചു കൊണ്ടുപോകുവാനുള്ള പദ്ധതിയ്ക്കെതിരെ കേരളം NWDA യുടെ ചർച്ചാവേദികളിലും സുപ്രീം കോടതിയിൽ ഉണ്ടായിരുന്ന കേസിലും ശക്തമായ എതിർവാദം ഉന്നയിച്ചിരുന്നു. പദ്ധതി ഉപേക്ഷിക്കണമെന്ന് 11-ാം കേരള നിയമസഭയുടെ ആറാം സമ്മേളനം പ്രമേയവും പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ